പരമ്പരാഗത കയർ വ്യവസായത്തിന്റെ പുരോഗതി

7 (*97) ശ്രീ. കെ. ദാസൻ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗതമായ കയർ വ്യവസായത്തിന്റെ പുരോഗതിക്കായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) അസംസ്കൃത വസ്തുവായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ ;

(സി) ഇത് വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ ഏത് ഏജൻസി മുഖേന നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്ത് ലഭ്യമായ ചകിരി കൃത്യമായി സംഭരിക്കുന്നതിന് വീഴ്ചയുണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കയർ വ്യവസായത്തിന്റെ പുരോഗതിക്കായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ചകിരിയുടെ ദൗർലഭ്യം കയർമേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെത്തുടർന്ന് ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്.

(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ കൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകിയിട്ടുണ്ട്. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചകിരി സംഭരിക്കുന്നതിന് വീഴ്ച ഉണ്ടായിട്ടില്ല. കയർഫെഡ് വഴി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനുവേണ്ടി 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന തൊണ്ട് സംഭരണ പദ്ധതി പ്രകാരം തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. കൂടുതൽ ഫലപ്രദമായ രീതിയിൽ തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

റോഡ് യൂസർ പെർസപ്ഷൻ സർവ്വേ

8 (*98) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്താൻ കെ.എസ്.റ്റി.പി. ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ജനഹിതമറിയാനുള്ള എന്തൊക്കെയാണ് കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ-ഡി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly